പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2278 **27-10-2026-ൽ മറുപടിയ്ക്ക്**

ബേപ്പൂരിലെ കയർ ഫാക്ടറികളുടെ ആധുനികവത്കരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കയർ തൊഴിലാളികളുടെ കൂലി പരിഷ്കരിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

മറുപടി: സംസ്ഥാനത്ത് തൊഴിൽ ദിനങ്ങൾ ഇരട്ടിയാക്കി തൊഴിലാളികളുടെ വേതനം കുറഞ്ഞത് 500/- രൂപയാക്കി ഉയർത്താൻ സർക്കാർ ലക്ഷ്യമിടുന്നുണ്ട്.

(ബി) കയർ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനും അസംസ്കൃത വസ്തുവിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

മറുപടി: അസംസ്കൃത വസ്തുക്കളായ ചകിരിയുടെയും തൊണ്ടിന്റെയും വിലവർദ്ധനവ് ലഭ്യതക്കുറവ് എന്നീ പ്രതിസന്ധികളിൽ ഇടപെടുന്നതിനു വേണ്ടി വിപണിവിലയ്ക്ക് അനുസരിച്ച് ചകിരിയുടെ വില നിശ്ചയിക്കുന്നതിന് പ്രത്യേക കമ്മിറ്റി രൂപീകരിച്ചു പ്രവർത്തിക്കുന്നുണ്ട്. ന്യായവിലയ്ക്ക് ചകിരി വാങ്ങി വിതരണം ചെയ്യാൻ ഫൈബർ ബാങ്ക് രൂപീകരിക്കുകയും, ആയതിന്റെ പ്രവർത്തനങ്ങൾക്കായി 3 കോടി 95 ലക്ഷം രൂപ കയർഫെഡിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ചകിരിയുടെ ഉണനിലവാരം ഉറപ്പുവരുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ടിന് ചുമതല നൽകിയിട്ടുണ്ട്. കയർ കോർപ്പറേഷന് പാലക്കാട് കിൻഫ്രാപാർക്കിൽ അനുവദിച്ച് നൽകിയിരിക്കുന്ന 50 സെന്റ് സ്ഥലത്ത് ഡീ-ഫൈബറിംഗ് യൂണിറ്റ്, സ്പിന്നിംഗ് യൂണിറ്റ് എന്നിവ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിന് ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ബേപ്പൂരിൽ കയർ ഫാക്ടറികളുടെ ആധുനികവത്കരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

മറുപടി: കയർ കോർപ്പറേഷന്റെ ബേപ്പൂർ ഫാക്ടറിയിൽ നിലവിൽ 8 ഓട്ടോമാറ്റിക് മെഷീനുകൾ പ്രവർത്തിപ്പിച്ച് കയർ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഈ ഉൽപ്പാദിപ്പിക്കുന്ന കയർ, കയർ കോർപ്പറേഷന്റെ അരൂർ യൂണിറ്റിൽ PVC കയർ ടഫ്റ്റഡ് മാറ്റുകൾ നിർമ്മിക്കുന്നതിനായാണ് ഉപയോഗിക്കുന്നത്. കൂടാതെ ബേപ്പൂർ യൂണിറ്റിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ ഫുള്ളി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ